ക്കും മാട്ടപ്പെട്ടിയിലേക്കും കൊടുക്കുവാനുമാണ് തീരുമാനിച്ചതു്. ബാക്കിയുള്ളതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ശ്രീ. പാമ്പ തളിയത്തു്: ക്രെയിൻസ് വാങ്ങിയതു് എന്തിനുവേണ്ടിയായിരുന്നു?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ക്രെയിൻ അല്ല. ക്രെയിൻ-ലാണു വാങ്ങിയതു്.

Sri. A. Thanu Pillai: May I know why those cranes were purchased when the piers were not strong enough to bear the weight of the cranes?

ശ്രീ ജി. ചന്ദ്രശേഖരപിള്ള: ആലപ്പുഴയിലെ ആവശ്യത്തിനു വാങ്ങിയതു്. അവിടെ ആവശ്യത്തിനു പറ്റാതെ വന്നു. തിരുവനന്തപുരത്തുണ്ടായിരുന്നതു നശിച്ചുപോയി. അതുകാരണം ആലപ്പുഴയുള്ളതു തിരുവനന്തപുരത്തേക്കു് കൊണ്ടുവന്നതാണു്.

ഹിന്ദി വിദ്യാഭ്യാസം

*൨൧൦. (൩൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ —

(എ) ഹിന്ദി അദ്ധ്യാപകന്മാക്കു് ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ചെയ്യുന്നതിനുള്ള അനുവാദം ഉണ്ടോ;

(ബി) ൨൫ രൂപാ ശമ്പളമുള്ള ഒരു അദ്ധ്യാപകൻ ഒന്നിൽ കൂടുതൽ സ്കൂളുകളിൽ ജോലി ഉണ്ടായിരുന്നാലും ൩൫ രൂപായിൽ കൂടുതൽ ശമ്പളം വാങ്ങാൻ പാടില്ലെന്നു് ഗവണ്മെൻറിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ടോ;

(സി) ഇന്നു സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപകന്മാരുടെ നോട്ടീസും അവർ പഠിപ്പിക്കുന്ന രീതിയും പരിശോധിക്കുന്നതു ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടർമാരാണെന്നു് ഗവണ്മെണ്ടിനറിയാമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ൨൫ രൂപാ അലവൻസും മാത്രമുള്ള പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകന്മാക്കു് മാത്രം അനുവാദമുണ്ടു്.

(ബി) ഇല്ല.

(സി) ഹിന്ദിപഠനത്തെക്കുറിച്ചു പരിശോധന നടത്തുന്നതു് ഹിന്ദി എഡ്യൂക്കേഷൻ ആഫീസറാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഹിന്ദി പഠിച്ചിട്ടില്ലാത്ത ഇൻസ്പെക്ടറന്മാരുണ്ടോ?

Sri. L. M. Pillai: That goes without saying.

ശ്രീ. മാന്നാർ ഗോപാലൻ നായർ: എഡ്യൂക്കേഷൻ ആഫീസർ ആരാണു്?

ശ്രീ. എൽ. എം. പൈലി: മി. ചന്ദ്രഹാസൻ.

അരിയുടെ വില

*൨൧൧. (൩൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly